<u>**15 -ാം കേരള നിയമസഭ**</u>

<u>**13 -ാം സമ്മേളനം**</u>

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3482** **12-03-2025 - ൽ മറുപടിയ്ക്ക്**

## ബാലുശ്ശേരി മണ്ഡലത്തിലെ നെൽകൃഷി

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീ. കെ. എം. സച്ചിൻദേവ്</td><td colspan="2">ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>ബാലുശ്ശേരി മണ്ഡലത്തിൽ വിവിധ ഗ്രാമപ്പഞ്ചായത്തുകളിലായി നിലവിൽ എത്ര ഹെക്ടർ ഭൂമിയിൽ നെൽകൃഷി ചെയ്യുന്നുണ്ട്; വിശദമാക്കാമോ;</td><td>(എ)</td><td>ബാലുശ്ശേരി മണ്ഡലത്തിൽ താഴെ പറയുന്ന പ്രകാരം നെൽകൃഷി ചെയ്യുന്നുണ്ട്.
<table>
<tr><th>ക്രമ നം.</th><th>പഞ്ചായത്ത്</th><th>വിസ്തീർണം (ഹെക്ടർ)</th></tr>
<tr><td>1</td><td>പനങ്ങാട്</td><td>27</td></tr>
<tr><td>2</td><td>ബാലുശ്ശേരി</td><td>15</td></tr>
<tr><td>3</td><td>കോട്ടൂർ</td><td>48</td></tr>
<tr><td>4</td><td>നടുവണ്ണൂർ</td><td>46.8</td></tr>
<tr><td>5</td><td>ഉള്ളിയേരി</td><td>3.952</td></tr>
<tr><td>6</td><td>ഉണ്ണികുളം</td><td>6.368</td></tr>
<tr><td>7</td><td>അത്തോളി</td><td>3.656</td></tr>
<tr><td>8</td><td>കായണ്ണ</td><td>20.00</td></tr>
<tr><td></td><td>ആകെ</td><td>170.776</td></tr>
</table>
</td></tr>
<tr><td>(ബി)</td><td>മണ്ഡലത്തിൽ നെൽകൃഷിക്ക് യോഗ്യമായ ഭൂമി തരിശായി നിലവിലുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;</td><td>(ബി)</td><td>ഉണ്ട്. പ്രധാനമായും വെള്ളക്കെട്ട് മൂലമാണ് കൃഷി ചെയ്യാൻ സാധിക്കാത്തത്, ബാലുശ്ശേരി മണ്ഡലത്തിൽ 40 ഹെക്ടർ തരിശു ഭൂമിയാണ് നെൽകൃഷിക്ക് യോഗ്യമായി നിലവിലുള്ളത്.</td></tr>
<tr><td>(സി)</td><td>മണ്ഡലത്തിൽ നെൽകൃഷി മെച്ചപ്പെടുത്തുന്നതിനായി കൃഷിഭവനുകൾ മുഖേന സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?</td><td>(സി)</td><td>ബാലുശ്ശേരി മണ്ഡലത്തിൽ നെൽകൃഷി മെച്ചപ്പെടുത്തുന്നതിനായി കൃഷിഭവനുകൾ മുഖേന, കാർഷികവികസന കർഷക ക്ഷേമ വകുപ്പ് നടപ്പിലാക്കുന്ന നെൽകൃഷി വികസന പദ്ധതിയുടെ ഭാഗമായി താഴെ പറയുന്ന ഘടകങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്.<br><br>1. സുസ്ഥിര നെൽകൃഷി വികസനം 9 ഹെക്ടർ നടപ്പിലാക്കി Rs. 38,500/-നല്കിയിട്ടുണ്ട്.<br><br>2. കുമ്മായ വസ്തുക്കൾക്കുള്ള ധനസഹായം. 23.86 ഹെക്ടർ നടപ്പിലാക്കിയിട്ടുണ്ട് Rs.1,28,844/- ധനസഹായം നല്കിയിരിക്കുന്നു.</td></tr>
</table>

| | | | |
|---|---|---|---|
| | | | 3. പാടശേഖരങ്ങളുടെ പ്രവർത്തനങ്ങൾക്കുള്ള ധനസഹായം-70 ഹെക്ടർ നടപ്പിലാക്കിയിണ്ട്, **Rs.18,000/-** ധനസഹായം നല്കിയിരിക്കുന്നു.<br><br>4. നെൽകൃഷിക്കുള്ള ഉത്പാദന ബോണസ് പദ്ധതിയിൽ **168.92** ഹെക്ടറിന് **Rs.1,68,920/-** ധനസഹായം നടപ്പിലാക്കിയിട്ടുണ്ട്.<br><br>5. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിയിൽ ഉൾപ്പെടുത്തിക്കൊണ്ട് തരിശ് നെൽകൃഷിക്ക് ആനുകൂല്യം (**9.2 ഹെക്ടർ, Rs. 3,68,000/-**), നെൽകൃഷിക്ക് കൂലിച്ചെലവ് സബ്സിഡി (**170.776 ഹെക്ടർ, Rs. 39,89,400/-**) എന്നീ ആനുകൂല്യങ്ങൾ നല്കിയിട്ടുണ്ട് .<br><br>6. ശാസ്ത്രീയ നെൽക്കൃഷിക്കുള്ള സാങ്കേതിക സഹായം നൽകിവരുന്നുണ്ട്. മണ്ണ് പരിശോധന കാമ്പയിൻ നടത്തി സോയിൽ ഹെൽത്ത് കാർഡ് വിതരണം ചെയ്തിട്ടുണ്ട്.<br><br>7. മണ്ഡലത്തിൽ ഉൾപ്പെട്ട ബാലുശ്ശേരി ബ്ലോക്ക് പരിധിയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിയിലൂടെ 4 ഹെക്ടർ തരിശു ഭൂമിയിൽ നെൽകൃഷി ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട് (**Rs. 1,60,000/-** വകയിരുത്തിയിരിക്കുന്നു).<br><br>8. പേരാമ്പ്ര ബ്ലോക്ക് പരിധിയിൽ 3 ഹെക്ടർ തരിശു ഭൂമിയിൽ നെൽ കൃഷി ചെയ്യുന്നതിനായി **Rs.1,20,000/-** വകയിരുത്തുകയും, നെൽ വിത്തിനായി **3000/-** രൂപയും, നെൽ കൃഷികൂലി ചെലവിനായി (സ്ഥിരം കൃഷിക്കായി **2,20,000/-രൂപ** വകയിരുത്തുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ